# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 689 — 07.01.2014 ൽ മറുപടിയ്ക്ക്

### ധാതു മണൽ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ധാതുസമ്പുഷ്ടമായ മണൽ അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ധാതു മണൽ കടത്തികൊണ്ടു പോകുന്നതായിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു മായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; | (ബി) | മൈനിംഗ് & ജിയോളജി വകുപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ചാർജ്ജ് ചെയ്യപ്പെട്ട കേസുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | അനധികൃത മണൽ കടത്തൽ നിർത്തലാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (ഡി) | മൈനിംഗ് & ജിയോളജി, പോലീസ്, റവന്യൂ വകുപ്പുകൾ ധാതുമണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി ദക്ഷിണമേഖലാ മിനറൽ സ്ക്വാഡ് കൊല്ലം ജില്ലയിലെ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പരിശോധന നടത്തുന്നുണ്ട്. ഈ സ്ഥലത്ത് പോലീസ് പട്രോളിങ്ങും നിലവിലുണ്ട്. കരുനാഗപ്പള്ളി |

| | | | |
|---|---|---|---|
| | | | പോലീസ് സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടിങ്ങിയ ഒരു സ്ക്വാഡും ഹരിപ്പാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ, ആലപ്പുഴ ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസിൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും നിലവിലുണ്ട്. |
| (ഇ) | സ്വകാര്യസ്ഥാപനങ്ങൾക്ക് ധാതുമണൽ ഖനനം ചെയ്യുന്നതിന് അനുമതി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഏജൻസികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ഇ) | ഇല്ല. |
| (എഫ്) | സംസ്ഥാനത്ത് നിലവിൽ എത്ര കമ്പനികൾ ധാതുമണൽ സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു എന്നുള്ള വിവരം, സർക്കാർ/പൊതുമേഖല എന്നീ വിഭാഗത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ ? | (എഫ്) | പൊതു മേഖലയിൽ ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, ചവറ, കൊല്ലം, കേരള മിനറൽ & മെറ്റൽസ് ലിമിറ്റഡ്, ചവറ, കൊല്ലം എന്നീ കമ്പനികളും സ്വകാര്യ മേഖലയിൽ കൊച്ചിൻ മിനറൽസ് & റൂട്ടൈൽസ് എന്ന കമ്പനിയും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ